# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **T 2288** 08.07.2015-ൽ മറുപടിക്ക്

## പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. പി. മുഹമ്മദ് :<br>,, എം. എ. വാഹിദ് :<br>,, ആർ. സെൽവരാജ് :<br>,, എം. പി. വിൻസെന്റ് : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സമഗ്ര പോഷകാഹാര നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) സംസ്ഥാനത്തിന്റെ പോഷകാഹാര നയം രൂപീകരിച്ച് 04.02.2014-ലെ സ.ഉ. (എം.എസ്) നം.08/2014/സാ.നീ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) സാമൂഹ്യനീതി വകുപ്പ് അങ്കണവാടികൾ വഴി 6 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്കും, ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും അനുപൂരക പോഷകാഹാരം നൽകി വരുന്നു. കുട്ടികളുടെ പോഷകാഹാരകുറവ് കണ്ടെത്തുന്നതിന് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ പുതിയ മാനദണ്ഡമനുസരിച്ചുള്ള ഗ്രോത്ത് ചാർട്ട് ഉപയോഗിക്കുന്നതിന് അങ്കണവാടി വർക്കർമാർക്ക് പരിശീലനം നൽകുകയും കൃത്യമായി കുട്ടികളുടെ തൂക്കം എടുത്ത് പോഷകാഹാരകുറവ് കണ്ടെത്തുകയും പോഷകാഹാരകുറവുള്ളവർക്ക് അധീക പോഷണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അങ്കണവാടി ഗുണഭോക്താക്കൾക്ക് നൽകിക്കൊണ്ടിരിക്കുന്ന ജനറൽ ഫീഡിംഗിനു പുറമേ പാൽ, മുട്ട, പഴം എന്നിവയും അങ്കണവാടികളിൽ നിന്നും നൽകുന്നുണ്ട്. |
| (സി) പോഷകാഹാരത്തിന്റെ പ്രാധാന്യം പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകുമോ ; | (സി) പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ അവബോധം വളർത്തുന്നതിനാവശ്യമായ നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് നേരത്തെ തന്നെ ആരംഭിച്ചിട്ടുണ്ട്. |

(.....2)

അതിന്റെ ഭാഗമായി പോഷകാഹാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിവിധ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ പാഠ്യപദ്ധതിയായി തന്നെ ഉൾക്കൊള്ളിച്ചിട്ടുള്ളതുമാണ്. 3, 6, 7 ക്ലാസുകളിലായി സയൻസ് പാഠപുസ്തകത്തിൽ പോഷകാഹാരത്തെക്കുറിച്ചും ആരോഗ്യകരമായ ജീവിതത്തെക്കുറിച്ചും വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്.കൂടാതെ 9-ാം ക്ലാസിലെ ജീവശാസ്ത്രം പാഠപുസ്തകത്തിൽ പോഷകാഹാര കുറവ് കൊണ്ട് ഉണ്ടായേക്കാവുന്ന ചില രോഗങ്ങളെക്കുറിച്ചുള്ള വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) സമഗ്ര പോഷകാഹാര പദ്ധതിയുടെ വിജയത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഏത് രീതിയിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ?

(ഡി) അധികാര വികേന്ദ്രീകൃതാസൂത്രണ പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിലെ ഭക്ഷണ വിതരണം ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതാത് പഞ്ചായത്തുകൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ഓരോ മേഖലകളിലെയും വിവിധ ഭക്ഷണക്രമങ്ങൾ അനുസരിച്ചും പ്രോജക്ട് വച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. അതാത് പഞ്ചായത്തുകൾ ആണ് അങ്കണവാടികളിലെ ഭക്ഷണക്രമം തീരുമാനിക്കുന്നത്. ഏതു തരത്തിലുള്ള ഭക്ഷണ പദാർത്ഥങ്ങൾ നൽകിയാലും കേന്ദ്ര സർക്കാരിന്റെ Norms അനുസരിച്ചുള്ള പോഷക മൂല്യങ്ങൾ അടങ്ങിയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ